ഡിസ്പെൻസറി

*ചോദ്യം 8. (എ) സംഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) പത്തനാപുരത്തു ഒരു ഡിസ്പെൻസറി സ്ഥാപിച്ചുകിട്ടണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു നിവേദനം സമർപ്പിക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തിയിട്ടുണ്ടു്?

ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): (എ) ഉണ്ടു്.

(ബി) ആലോചനയിൽ ഇരിക്കുന്നു.

കോൾഡ് സ്റ്റോറേജ്

*ചോദ്യം 9. (ചോ) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ. താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട കൃഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കേന്ദ്രഗവണ്മെണ്ടിന്റെ സഹായത്തോടുകൂടി നമ്മുടെസ്റ്റേറ്റിൽ മുന്നു കോൾഡ് സ്റ്റോറേജ് സ്ഥാപനങ്ങളും സഹകരണസംഘങ്ങളും വഴി നടത്തുന്നതിനെ സംബന്ധിച്ചു് ഗവണ്മെൻറിനു് ഒരു ശുപാർശ ലഭിച്ചിട്ടുണ്ടോ;

(ബി) ആ ശുപാർശയിന്മേൽ ഗവണ്മെൻറു് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

വിദ്യാഭ്യാസവും, കൃഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: കോവാപ്പറേറ്റീവു് റജിസ്ട്രാരുടെ ഒരു ശുപാർശ ഗവണ്മെൻറിനു കിട്ടിയിട്ടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ചോദ്യത്തിൽ പറയുന്നതു് "കേന്ദ്രഗവണ്മെൻറിന്റെ സഹായത്തോടുകൂടി നമ്മുടെ സ്റ്റേറ്റിൽ മുന്നു കോൾഡു സ്റ്റോറേജ് സ്ഥാപനങ്ങളും സഹകരണസംഘങ്ങളും വഴി നടത്തുന്നതിനെ" സംബന്ധിച്ചാണു്. അതിനു് ഇല്ലെന്നാണു് ഉത്തരം പറഞ്ഞതു്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഇവിടെ കോൾഡ് സ്റ്റോറേജുകൾ സ്ഥാപിക്കുന്നതിനെസംബന്ധിച്ചു് സഹകരണസംഘം റജിസ്ട്രാരിൽനിന്നും യാതൊരു ശുപാർശയും ലഭിച്ചിട്ടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: കോൾഡ്സ്റ്റോറേജു സ്ഥാപിക്കുന്നതിനെസംബന്ധിച്ചു് കോവാപ്പറേറ്റീവു് റജിസ്ട്രാരുടെ ശുപാർശ കിട്ടിയിട്ടുണ്ടു്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ആ റിപ്പോർട്ടിന്മേൽ ഗവണ്മെൻറു് എന്തുനടപടി എടുത്തു എന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിന്റെ നടപടികൾ എടുത്തുകൊണ്ടിരിക്കയാണു്. പൂർത്തിയായിട്ടില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: നടപടികൾ ഏതുവരെ ആയിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: കുറെ ഒക്കെ ആയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly